(ബി) പ്രസ്തുത സ്ഥലം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അനുവദിച്ചു നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് ലഭിക്കുമ്പോൾ ആയത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

156 (4959) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 9-7-2015-ൽ ബഹു. ജലവിഭവവകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്നും യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കയാണെന്നും പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിലാക്കപ്പെട്ടത് ഏതൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

9-7-2015-ലെ യോഗത്തിന്റെ തീരുമാനങ്ങൾ, പങ്കെടുത്തവരുടെ പേരുവിവരം എന്നിവ അനുബന്ധമായും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അനുബന്ധമായും ചേർത്തിരിക്കുന്നു.*

നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

157 (4960) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന നേമം, എസ്റ്റേറ്റ്, പൊന്നുമംഗലം, മേലാങ്കോട്, പാപ്പനംകോട്, പുഞ്ചക്കരി, പൂങ്കുളം, വെള്ളാർ, തിരുവല്ലം, കരമന, നെടുങ്കാട്, പുന്നക്കാമുഗൾ എന്നീ വാർഡുകളിലെ ഇടവഴികളിൽ പ്രവേശിക്കുവാൻ കഴിയുന്ന ചെറിയ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly